# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2711** — **12.10.2011 ൽ മറുപടിയ്ക്ക്**

## കാർഷിക വായ്പയുടെ റീ-ഇംബേഴ്സ്മെന്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കെ. നാരായണൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| (എ) കാർഷിക വായ്പയുടെ റീഇംബേഴ്സ്മെന്റ് കിട്ടാത്തതുമൂലം ജില്ലാ ബാങ്കുകൾ പ്രതിസന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഓരോ ബാങ്കിനും ലഭിക്കുവാനുള്ള തുകയുടെ വിശദാംശം വെളിപ്പെടുത്താമോ; | (ബി) 2010-11 വർഷം 14 ജില്ലാ സഹകരണ ബാങ്കുകൾക്കുമായി ഹ്രസ്വകാല കാർഷിക വായ്പാ പരിധിക്കുള്ള 867.41 കോടി രൂപക്കുള്ള അപേക്ഷ നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. ഇതുപ്രകാരം ഓരോ ജില്ലാ സഹകരണ ബാങ്കിനുമുള്ള തുക ഇനി പറയുന്നു. |

| ജില്ലാ സഹകരണ ബാങ്ക് | തുക കോടിയിൽ |
|---|---|
| തിരുവനന്തപുരം ഡി.സി.ബി | 130.40 |
| കൊല്ലം ഡി.സി.ബി | 27.20 |
| ആലപ്പുഴ ഡി.സി.ബി | 38.09 |
| പത്തനംതിട്ട ഡി.സി.ബി | 38.09 |
| കോട്ടയം ഡി.സി.ബി | 19.05 |
| ഇടുക്കി ഡി.സി.ബി | 63.49 |
| എറണാകുളം ഡി.സി.ബി | 68.00 |
| തൃശ്ശൂർ ഡി.സി.ബി | 40.00 |
| പാലക്കാട് ഡി.സി.ബി | 141.60 |
| മലപ്പുറം ഡി.സി.ബി | 19.05 |
| കോഴിക്കോട് ഡി.സി.ബി | 95.24 |
| വയനാട് ഡി.സി.ബി | 28.40 |

| | |
|---|---|
| കണ്ണൂർ ഡി.സി.ബി | 110.00 |
| കാസറഗോഡ് ഡി.സി.ബി | 48.80 |
| **ആകെ** | **867.41** |

(സി) ആയത് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

(സി) 14 ജില്ലാ സഹകരണ ബാങ്കുകൾക്കുമായി ഹ്രസ്വകാല കാർഷിക വായ്പാ പരിധിക്കുള്ള അപേക്ഷ 23.08.2011 ന് നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. അതോടൊപ്പം സംസ്ഥാന സഹകരണ ബാങ്കിന് ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ വകുപ്പ് 11 (1) പാലിക്കാനാകാത്ത സാഹചര്യത്തിൽ 31.03.2012 വരെ ആയതിന് ഇളവനുവദിച്ചിട്ടുണ്ടെങ്കിലും റീ ഫൈനാൻസ് ലഭിക്കുന്നതിന് മതിയായ സെക്യൂരിറ്റി/ സർക്കാർ ഗ്യാരന്റി നൽകണമെന്ന് നബാർഡ് നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ